**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.271** **07.10.2016 ൽ മറുപടിയ്ക്ക്**

**<u>വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ</u>**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എം.ഷാജി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുദ്ദേശിച്ച് മോട്ടോർ വാഹന നിയമങ്ങളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. നിലവിലെ മോട്ടോർ വാഹന നിയമത്തിലുള്ള പിഴ തുകകൾ കുറവായതിനാൽ മോട്ടോർ വാഹന നിയമം അനുസരിക്കുന്നതിൽ ഡ്രൈവർമാർ വിമുഖത കാണിക്കുന്നുവെന്നും, തദ്വാര അപകടങ്ങൾ കൂടുന്നുവെന്നുമുള്ളതിന്റെ അടിസ്ഥാനത്തിൽ, റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി, പിഴ സംഖ്യകളിൽ വർദ്ധനവ് ഏർപ്പെടുത്തിക്കൊണ്ട് ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. തുടർച്ചയായി അപകടങ്ങളും, നിയമലംഘനങ്ങളും നടത്തുന്ന ഡ്രൈവർമാരുടെ ലൈസൻസിൽ ആയതു രേഖപ്പെടുത്തി ലൈസൻസ് റദ്ദാക്കാനുള്ള നിർദ്ദേശങ്ങളും പുതിയ ഭേദഗതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. |
| (ബി) | റോഡപകടങ്ങളിൽപ്പെടുന്നവരെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നവരെ നിയമക്കുരുക്കിൽ അകപ്പെടുത്തുന്ന മുൻകാല വ്യവസ്ഥകൾ ലഘൂകരിക്കാൻ വരുത്തുന്ന ഭേദഗതികളുടെ പൂർണ്ണ രൂപം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ലഭിച്ചിട്ടുണ്ട്. നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതി ബില്ലിലെ 43-ാം ഖണ്ഡം അനുസരിച്ച് 134 എ എന്നുള്ള ഒരു പുതിയ വകുപ്പ് അവതരിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം യാതൊരു സാമ്പത്തിക താത്പര്യങ്ങളുമില്ലാതെ സ്വമേധയാ അപകടസ്ഥലത്ത്, അപകടത്തിൽപെട്ടവർക്ക് വൈദ്യസഹായമോ, അല്ലാത്ത സഹായമോ ചെയ്യുക, അപകടത്തിൽപെട്ടവരെ അടിയന്തിരമായി ആശുപത്രിയിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനുള്ള ഗതാഗത സഹായം നൽകുക തുടങ്ങിയ സേവനങ്ങളിൽ ഏർപ്പെടുന്നവരെ 'Good Samaritan' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. നിർദ്ദിഷ്ട മോട്ടോർ വാഹന നിയമഭേദഗതി ബില്ലിലെ 134 എ(1) പ്രകാരം വൈദ്യ സഹായമോ, മറ്റ് സഹായമോ ലഭ്യമാക്കുന്ന സമയത്ത് ഗുഡ് സമരിറ്റന്റെ അശ്രദ്ധ കൊണ്ട് അപകടത്തിൽപെട്ട വ്യക്തിക്ക് പരുക്കോ, മരണമോ സംഭവിക്കുകയാണെങ്കിൽ ഗുഡ് സമരിറ്റനെതിരായി സിവിൽപരമോ, ക്രിമിനൽപരമോ ആയ നടപടികൾ സ്വീകരിക്കുവാൻ പാടുള്ളതല്ല. നിർദ്ദിഷ്ട മോട്ടോർ വാഹന നിയമഭേദഗതി ബില്ലിലെ 134 എ(2) പ്രകാരം, ഗുഡ് സമരിറ്റനെ ചോദ്യം ചെയ്യുന്നതിനോ, പരിശോധനക്കോ വേണ്ട നടപടിക്രമങ്ങൾ, അദ്ദേഹത്തെ സംബന്ധിച്ച വ്യക്തി വിവരങ്ങൾ വെളിപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ ചട്ട നിർമ്മാണം നടത്തേണ്ടതാണ്. |
| (സി) | വാഹനങ്ങളുടെ അപകടകരമായ വിധത്തിലുള്ള വേഗത നിയന്ത്രിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ ഏന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. എല്ലാ കെ.എസ്.ആർ.റ്റി.സി. ബസുകളിലും സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ, സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. നവംബർ ഒന്നുമുതൽ മറ്റു ചെറുകിട വാഹനങ്ങളിലും ആയത് ഘടിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം നടക്കുകയാണ്.<br>2. സ്പീഡ് ട്രേസറുകൾ, മൊബൈൽ |

| | | | |
|---|---|---|---|
| | | | എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>3. മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗത-ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>4. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ജില്ലാതലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികളും സ്വീകരിച്ചു വരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേയ്ക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന |

| | | | |
|---|---|---|---|
| | | | ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധന സഹായത്തോടെ ബോധവത്ക്കരണ പരിപാടി നടത്തിവരുന്നു. കൂടാതെ ഗതാഗത നിയമലംഘകരെ കണ്ടെത്തുന്നതിനും അമിത വേഗതയിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനും പിഴ ചുമത്തുന്നതിനും മോട്ടോർ വാഹന വകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മുഴുവൻ പബ്ലിക് ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസ്സുകളിലും ടി സംവിധാനം സ്ഥാപിക്കുന്നതിനായുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ